**കേരള സർക്കാർ**

നം. 9852/ആർ.എ.1/09/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി. 27/2/2009.

## സർക്കുലർ

വിഷയം:- ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച്.

സൂചന:- 59655/RA1/08/തസ്വഭവ നമ്പർ പ്രകാരമുള്ള 23/9/08 ലെ സർക്കുലർ.

സൂചനയിലെ സർക്കുലർ പ്രകാരം നിലവിൽ പാടമോ നിലമോ അല്ലാത്തതും എന്നാൽ ആധാരത്തിലും മറ്റ് രേഖകളിലും അപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നതുമായ സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിന് നഗരസഭാ പ്രദേശങ്ങളിൽ പെർമിറ്റ് നൽകുന്നതിനായി സർക്കാർ വ്യവസ്ഥകൾ പുറപ്പെടുവിച്ചിരുന്നു. ഈ ആവശ്യത്തിനായി മഹസ്സർ തയ്യാറാക്കുന്നതിന് അഗ്രിക്കൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ, നഗരസഭാ സെക്രട്ടറി (കൺവീനർ). എന്നിവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കുന്നതിനും ടി കമ്മിറ്റിയുടെ ഫുൾ കോറമായിരിക്കണം തീരുമാനമെടുക്കേണ്ടതെന്നും ആയതിൽ വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് കൂടുതൽ ഗതിവേഗം വരുത്തുന്നതിനായി ടൗൺ പ്ലാനിംഗ് ഓഫീസറെ (അതാത് നഗരസഭയിലെ കെട്ടിട നിർമ്മാണ നിർവ്വഹണ ചുമതലയുള്ളയാൾ) കൂടി ടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനും പെർമിറ്റ് സംബന്ധമായി തീരുമാനമെടുക്കുന്ന കമ്മിറ്റിയിൽ ചുരുങ്ങിയത് രണ്ട് അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു. കൂടാതെ, അഗ്രിക്കൾച്ചറൽ ഓഫീസർ /അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഇല്ലാത്ത മുനിസിപ്പാലിറ്റികളിൽ കൃഷി വകുപ്പിലെ കൈ മാറിയ ഉദ്യോഗസ്ഥൻ കമ്മിറ്റിയിൽ അംഗമായിരിക്കും.

ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് സ്ഥല പരിശോധന നടത്തി ഏതെങ്കിലും അംഗത്തെ മഹസ്സർ തയ്യാറാക്കുന്നതിന് സെക്രട്ടറിക്ക് ചുമതലപ്പെടുത്താവുന്നതാണ്. പ്രസ്തുത അംഗം മഹസ്സർ

നിശ്ചിത സമയത്തിനകം സമർപ്പിക്കാത്ത പക്ഷം മറ്റൊരംഗത്തെ ചുമതലപ്പെടുത്തേണ്ടതാണ്. കമ്മിറ്റിയിൽ തീരുമാനം എടുക്കുന്നതിന് ഏതെങ്കിലും അംഗങ്ങൾ ഹാജരാകാതിരിക്കുന്ന പക്ഷം പ്രസ്തുത അംഗത്തിൽ നിന്നും അവരുടെ അഭിപ്രായം അടങ്ങിയ റിപ്പോർട്ട് 15 ദിവസത്തിനകം നൽകുന്നതിന് സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. 15 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കാത്ത പക്ഷം, ഹാജരായവരുൾപ്പെട്ട കമ്മിറ്റിയുടെ തീരുമാന പ്രകാരം തന്നെ മഹസ്സറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ അപേക്ഷയിൽ തീരുമാനം എടുക്കാവുന്നതാണ്.

**എസ്. എം. വിജയാനന്ദ്.**
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ, (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്.)
കൃഷി വകുപ്പ്
റവന്യൂ വകുപ്പ് } അനന്തര നടപടിയ്ക്ക്

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.